പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നടപടി ഉത്തരവ്

(സാന്നിധ്യം. ഷാനവാസ് എസ് ഐ.എ.എസ്.)

വിഷയം:- പൊതുവിദ്യാഭ്യാസം- ജീവനക്കാര്യം- സർക്കാർ ഹൈസ്കൂൾ പ്രധാനാദ്ധ്യാപകൻ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ സമാന തസ്തികകളിലേയ്ക്കുള്ള സ്ഥാനക്കയറ്റം- ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-
1. ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ 07/12/1991 തീയതിയിലെ ജി.ഒ.(പി)നം.39/91/ഉ.പ.ഭ.വ. വകുപ്പ്.
2. ഉദ്യോഗസ്ഥ ഭരണ പരിഷ്കാര(സി) വകുപ്പിന്റെ 24/02/2012 ലെ സർക്കുലർ നമ്പർ 8130/ഉ.പ.സി 3/2010/ഉ.ഭ.പ.വ.
3. 10/02/2021 ലെ ജി.ഒ.(പി) നം. 27/2021/ഫിൻ ശമ്പള കമ്മീഷൻ റിപ്പോർട്ട്.
4. പൊതുവിദ്യാഭ്യാസ (സി) വകുപ്പിന്റെ 16/11/2022 തീയതിയിലെ സി2/217/2022/പൊ.വി.വ. നമ്പർ കത്ത്.
5. 23/04/2025 തീയതിയിലെ വകുപ്പുതല സ്ഥാനക്കയറ്റ കമ്മിറ്റി (ലോവർ) മിനിട്ട്സ്.
6. 24/05/2025 തീയതിയിലെ ഡി6/24209/2024/ഡി.ജി.ഇ. പ്രകാരം പ്രസിദ്ധപ്പെടുത്തിയ കേരള ഗസറ്റ് (അസാധാരണം).
7. ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ 30/11/2023 തീയതിയിലെ ജി.ഒ.(പി)നം. 17/2023 ഉ.പ.ഭ.വ. പ്രകാരം പ്രസിദ്ധപ്പെടുത്തിയ അസാധാരണ ഗസറ്റ് വിജ്ഞാപനം.
8. വിദ്യാഭ്യാസ ഉപഡയറക്ടർമാർ മുഖേന ഈ കാര്യാലയത്തിൽ ലഭ്യമായിട്ടുള്ള സ്ഥാനക്കയറ്റ പരിത്യജന അപേക്ഷകൾ.
9. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 11/07/2025 തീയതിയിലെ ഡി5/5/2025/ഡി.ജി.ഇ. നം. സ്ഥലംമാറ്റ ഉത്തരവ്.
10. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 31/07/2025 തീയതിയിലെ ഡി5/06/2025/ഡി.ജി.ഇ. നം. സ്ഥലംമാറ്റ ഉത്തരവ്.
11. പൊതുവിദ്യാഭ്യാസ (സി) വകുപ്പിന്റെ 27/02/2024 തീയതിയിലെ പൊ.വി.വ.-സി2/283/2023 നം. കത്ത്.
12. 23/07/2025 മുതൽ വിദ്യാഭ്യാസ ഉപഡയറക്ടർമാർ മുഖാന്തിരവും നേരിട്ടും ഈ കാര്യാലയത്തിൽ ലഭ്യമാക്കിയിട്ടുള്ള എച്ച്.എം./ എ.ഇ.ഒ. മാരുടെ സ്ഥലംമാറ്റ അപേക്ഷകൾ.

ഉത്തരവ് നമ്പർ ഡി5/05/2025/ഡി.ജി.ഇ തീയതി : 02-08-2025

സ്ഥലംമാറ്റം

പരാമർശം (9) പ്രകാരം തിരുവനന്തപുരം ജില്ലയിൽ നിലവിലുള്ള ആർ.ഐ.എൽ.റ്റി. ചീഫ് ഇൻസ്ട്രക്ടർ തസ്തികയിൽ സ്ഥാനക്കയറ്റം വഴി നിയമനം നടത്തുന്നതിനായി എൻ.സി.ഇ.റ്റി. മാനദണ്ഡ പ്രകാരം യോഗ്യത നേടിയ ഉദ്യോഗസ്ഥരുടെ അഭാവം മൂലം പ്രസ്തുത തസ്തികയിലേക്ക്

താത്കാലികമായി നിയമനം നൽകിയിരുന്ന ഉദ്യോഗസ്ഥയ്ക്ക് സ്ഥിരം തസ്തികയായ ചുവടെ പറയുന്ന വിദ്യാലയത്തിലേക്ക് സ്ഥാനക്കയറ്റം അനുവദിക്കുന്നു.

പരാമർശം (12) പ്രകാരം ഈ കാര്യാലയത്തിൽ ലഭ്യമായിട്ടുള്ള സ്ഥലംമാറ്റ അപേക്ഷകൾ പരിശോധിച്ച് ഓൺലൈൻ അപേക്ഷ സമർപ്പിക്കുവാൻ അവസരം ഇല്ലാതിരുന്നതും, 29/05/2025 തീയതിയ്ക്ക് ശേഷം സ്ഥാനക്കയറ്റം ലഭ്യമായതുമായ എച്ച്.എം./എ.ഇ.ഒ. മാർക്ക് ഓൺലൈൻ സ്ഥലം മാറ്റ നടപടികളുടെ ഭാഗമായി വന്ന റിസൾട്ടന്റ് ഒഴിവുകൾ ഈ കാര്യാലയത്തിൽ ലഭ്യമായതു മുതൽ ലഭിച്ചിട്ടുള്ള സ്ഥലംമാറ്റ അപേക്ഷ പരിഗണിച്ച് ചുവടെ പറയും പ്രകാരം അവരുടെ പേരിന് നേർക്കുള്ള സ്ഥാപനങ്ങളിലേക്ക് സ്ഥലംമാറ്റം അനുവദിച്ചുകൊണ്ട് ഉത്തരവാകുന്നു.

സ്ഥലംമാറ്റം ലഭിച്ചിട്ടുള്ള ഉദ്യോഗസ്ഥർ പുതിയ സ്ഥാപനങ്ങളിൽ ചുമതല ഏറ്റെടുത്ത ശേഷം അതാത് വിദ്യാഭ്യാസ ഉപഡയറക്ടർമാരുടെ കാര്യാലയത്തിൽ രേഖാമൂലം അറിയിക്കേണ്ടതും പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലെ 0471 2580566 എന്ന നമ്പരിൽ സ്പാർക്ക് അക്കൗണ്ട് മാറ്റുന്നതിലേക്കായി ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കേണ്ടതുമാണ്.

Sl. No.	Name of HM/AEO and Present School/AEO	Transferred School/AEO
1	SHYNI BALAKRISHNAN GHSS SOUTH EZHIPURAM, ERNAKULAM	EMS GHSSS PANNINISSERY , KANNUR
2	RIYASUDEEN C GVHSS DEVIYAR COLONY IDUKKI	GOVT VOCATIONAL HSS KODUVALLY, KANNUR
3	SALEENA K GHSS THIRURANGADI MALAPPURAM	GHSS KUTTIYADI, KOZHIKODE
4	VANDHANA N GHSS KUTTIYADI, KOZHIKODE	GHSS THIRURANGADI MALAPPURAM
5	PRASEEJA P MMGHSS NAYATHIODU ERNAKULAM	DGHSS TANUR, MALAPPURAM
6	BEEM KISHOR P K GHSS PANDIKKAD MALAPPURAM	CMHSS CALICUT UNIVERSITY CAMPUS MALAPPURAM
7	SUMA C CMHSS CALICUT UNIVERSITY CAMPUS MALAPPURAM	GHSS KARAKUNNU, MALAPPURAM

8	RAZIA T P GVHSS KALPAKAMCHERRY MALAPPURAM	GHS CHERIYAM MANKADA, MALAPPURAM
9	BINDU P GHSS THENGOD ERNAKULAM	AEO - PONNANI, MALAPPURAM
10	SREEJA C THAMPAN GHSS PAMBAKKUDA, ERNAKULAM	GHS AKALUR, PALAKKAD
11	GEETHA K CHSS ADIMALI IDUKKI	GHSS PATTAMBI, PALAKKAD
12	MINI N J GHSS PATLA KASARAGOD	GHSS MUPLIYAM, THRISSUR
13	SEENA K T GHSS MUPLIYAM THRISSUR	GVHSS KALPAKAMCHERRY MALAPPURAM
14	SREEKALA K GHSS KUTTIPLANGAD IDUKKI	AEO - KOOTHATTUKULAM, ERNAKULAM
15	BINDU P G GHSS KUNCHITHANNI IDUKKI	GHSS SOUTH EZHIPURAM, ERNAKULAM
16	MERRIN ZACHARIA GVHSS RAJAKUMARI IDUKKI	AEO-RANNI, PATHANAMTHITTA
17	BEENA MANIKOTH GHSS KARIMKUTTY WAYANAD	AEO - MANJERI, MALAPPURAM
18	REMYA V HARAN GHS ALAMPADI KASARAGOD	GHSS KARIMKUTTY WAYANAD
19	SARITHA K S RILT THIRUVANANTHAPURAM	GOVT. V& HSS KULATHOOR, THIRUVANANTHAPURAM
20	SHARMILA M K GHSS PANICKANKUDYI IDUKKI	GHSS PERUMATTI , PALAKKAD
21	ANEESA N GHSS PIRAVAM ERNAKULAM	GHSS PANDIKKAD MALAPPURAM

22	RUBEENA R GHSS PERIKALLOOR WAYANAD	GHS Irulath, Wayanad
23	JASEENA N V GHSS AROOR ERNAKULAM	GHSS ARIMPRA , MALAPPURAM
24	INDULEKHA P GHS AROOR ALAPPUZHA	GHS VALIYAKAVU, KOLLAM
25	SMITHA V GHSS AKANADU ERNAKULAM	PHS, KULANADA , PATHANAMTHITTA
26	BALRAJ .T GHS MAMALAKANDAM ERNAKULAM	GHS AROOR, ALAPPUZHA
27	SHA M R GTHS CHAKKUPALLAM IDUKKI	TCN MGH SS NEDUMPARA , KOLLAM
28	SHEEBA J GHS KAJANAPARA IDUKKI	GGHSS TRIPUNITHURA, ERNAKULAM
29	BEENA PULIYULLA KANDI PARAMBIL GVHSS THODUPUZHA, IDUKKI	PATIAM GOPALAN MEMORIAL GOVT HSS , CHERUVANCHERRY, KANNUR

സ്ഥാനക്കയറ്റം

പരാമർശം (5), (6) പ്രകാരം തയ്യാറാക്കി അംഗീകരിച്ചിട്ടുള്ള എച്ച്.എം/എ.ഇ.ഒ സ്ഥാനക്കയറ്റ പരിഗണനാ പട്ടികയിൽ ഉൾപ്പെട്ട ഹൈസ്കൂൾ അധ്യാപകരെ പരാമർശം (6) മുൻഗണനാ പട്ടിക ക്രമ പ്രകാരം പരാമർശം (9), (10) എന്നിവകൾ പ്രകാരം നിലവിൽ വന്ന എച്ച്.എം./എ.ഇ.ഒ. തസ്തികകളിലേക്ക് അവരുടെ പേരിന് നേരെ കൊടുത്തിട്ടുള്ള സർക്കാർ കാര്യാലയങ്ങളിലേയ്ക്ക് 55200-115300 എന്ന ശമ്പള നിരക്കിൽ ചുവടെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി സ്ഥാനക്കയറ്റം നൽകി നിയമിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

Sl. No	NAME OF OFFICER	DATE OF BIRTH	RANK NO	NAME OF SCHOOL/ OFFICE CODE & DISTRICT	REMARKS
1	KHADEEJA I PEN- 245375 GHS KAKKAVAYAL, WAYANAD	18-Feb-1979	1219	GHSS PATLA KASARAGOD	

2	SIVAKUMAR K R PEN- 261501 GHS MEPPADI, WAYANAD	18-Aug-1976	1221	GOVT HSS ULIKKAL, KANNUR	
3	SUJA M K PEN- 280674 GVHSS MANANTHAVADY, WAYANAD	17-Apr-1977	1222	GVHSS THODUPUZHA, IDUKKI	
4	DEEPA VENGATTERI PEN- 282248 GOVT MODEL HS CHEERAL, WAYANAD	7-Nov-1972	1223	G H S S Anappara, Wayanad	
5	REHMATH CHALIL PEN- 282646 GVHSS MANANTHAVADY, WAYANAD	2-May-1977	1224	Govt. V. H. S. S. Kaitharam, Ernakulam	
6	JIJI JOSEPH P PEN- 280156 GVHSS MANANTHAVADY, WAYANAD	2-May-1974	1227	GHSS THENGOD ERNAKULAM	
7	SMITHA P PAULOSE PEN- 274161 GHS PANAMARAM, WAYANAD	19-Apr-1979	1230	GHSS AKANADU ERNAKULAM	
8	BEENA C T PEN- 374048 GHSS MOGRAL PUTHUR, KASARAGOD	28-Mar-1980	1232	GHSS AROOR ERNAKULAM	
9	SARITHA JOSEPH M PEN- 389441 GVHSS MANANTHAVADY, WAYANAD	21-Jan-1975	1235	GHS MAMALAKANDAM ERNAKULAM	
10	KOCHUTHRESIA M P PEN- 247822 GHSS KANIYAMBATTA, WAYANAD	24-May-1972	1236	GHSS PERIKALLOOR WAYANAD	
11	SUGESH T PEN- 244075 GHS KODUVAYUR, PALAKKAD	26-May-1977	1267	PANCHAYATH HS POLPULLY, PALAKKAD , 21107	

12	SHEELA P R PEN- 241560 GGHS NEMMARA, PALAKKAD	11-Jul-1971	1238	GHSS PIRAVAM ERNAKULAM	
13	PRASAD K G PEN- 260640 GHS CHERPULASSERY, PALAKKAD	17-May-1974	1240	GHSS PANICKANKUDYI IDUKKI	
14	NAFEESA C PEN- 254774 GO HS EDATHANATTUKARA, PALAKKAD	25-May-1970	1242	GHSS PAMBAKKUDA, ERNAKULAM	
15	MOHAMED RAFI E K PEN- 325481 GOVT HINDI TEACHERS TRAINING INSTITUTE RAMAVARMAPURAM, THRISSUR	25 May 1970	1243	MMGHSS NAYATHIODU ERNAKULAM	
16	PREMA B PEN- 290480 GHS RAVANESWAR, KASARAGOD	04-Jan-1975	1246	M.P. S. G. V. H. S. S. Bellikoth, kasaragod , 12018	

പരാമർശം (7) പ്രകാരം സ്ഥാനക്കയറ്റം പരിത്യജിക്കുന്നതിനായുള്ള നിശ്ചിത മാതൃകയിലുള്ള അപേക്ഷ സ്ഥാനക്കയറ്റ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മുമ്പ് തന്നെ ഈ കാര്യാലയത്തിൽ ഹാജരാക്കുന്നതിനുള്ള അവസരം വിദ്യാഭ്യാസ ഉപഡയറക്ടർമാർ മുഖാന്തിരം ലഭ്യമാക്കിയിരുന്നു. ആയതിനാൽ ഈ ഉത്തരവിൻ പ്രകാരം സ്ഥാനക്കയറ്റം ലഭ്യമായ ഉദ്യോഗസ്ഥർക്ക് ഉത്തരവ് പുറപ്പെടുവിച്ച ശേഷം പരിത്യജനം അനുവദിച്ച് നൽകുന്നതല്ല. കൂടാതെ പരാമർശം (7) പ്രകാരം ലഭ്യമാക്കിയിരുന്ന പരിത്യജന അപേക്ഷകൾ പരിഗണിച്ച ശേഷം പരാമർശം (6) പ്രകാരമുള്ള ഡി.പി.സി. പരിഗണനാ പട്ടികയിൽ ഉൾപ്പെട്ട മറ്റ് ഉദ്യോഗസ്ഥർക്കാണ് ഈ ഉത്തരവിൻ പ്രകാരം സ്ഥാനക്കയറ്റം അനുവദിച്ചു നൽകിയിരിക്കുന്നത്.

പൊതുവിദ്യാഭ്യാസ വകുപ്പിലെ അദ്ധ്യാപകർക്ക് സർക്കാർ ഹൈസ്കൂൾ പ്രധാനാദ്ധ്യാപകർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ/തത്തുല്യ തസ്തികകളിലേയ്ക്കുള്ള സ്ഥാനക്കയറ്റത്തിനായി പരിഗണിക്കപ്പെടുവാൻ താഴെപ്പറയുന്ന യോഗ്യതകളാണ് വിശേഷാൽ ചട്ടത്തിൽ നിശ്ചയിച്ചിട്ടുള്ളത്. സ്ഥാനക്കയറ്റം നേടിയിട്ടുള്ളവർ ഈ യോഗ്യതകൾ ആർജ്ജിച്ചിട്ടുണ്ടോ എന്നത് ബന്ധപ്പെട്ട് സ്കൂൾ പ്രഥമാദ്ധ്യാപകർ, വിദ്യാഭ്യാസ ഉപഡയറക്ടർമാർ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

1. അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ള ബിരുദം.
2. അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ള ബി.എഡ്./ബി.റ്റി./എൽ.റ്റി.
3. 12 വർഷത്തെ തുടർച്ചയായ എച്ച്.എസ്.റ്റി. ഗ്രേഡ് സർവ്വീസ് പൂർത്തിയായിരിക്കണം.
4. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന അക്കൗണ്ട് ടെസ്റ്റ് ലോവർ & കെ.ഇ.ആർ. ടെസ്റ്റ് വിജയിച്ചിരിക്കണം. (**പരീക്ഷാ യോഗ്യത നേടാത്ത എസ്.സി./ എസ്.ടി. വിഭാഗക്കാർക്ക് പരാമർശം 2,4 എന്നിവ പ്രകാരം 3 വർഷത്തേയ്ക്ക് താൽക്കാലിക സ്ഥാനക്കയറ്റം മാത്രമാണ് അനുവദിച്ചു നൽകുന്നത്**).

സ്ഥാപന മേധാവികൾ സ്ഥാനക്കയറ്റം ലഭിച്ച അദ്ധ്യാപകർക്ക് മുകളിൽ പ്രസ്താവിച്ച യോഗ്യതകൾ ഉണ്ടോയെന്ന് സേവനപുസ്തകം പരിശോധിച്ച് ഉറപ്പാക്കിയശേഷം യോഗ്യതാ പരീക്ഷയിൽ ഇളവ് നേടിയിട്ടുള്ള ഉദ്യോഗസ്ഥരിൽ നിന്നും പരാമർശം (2), (4) എന്നിവ പ്രകാരം യോഗ്യത നേടാത്ത പക്ഷം മാതൃ തസ്തികയിലേക്ക് മടങ്ങിപോകുന്നതാണെന്ന സാക്ഷ്യപത്രം വാങ്ങി സേവനപുസ്തകത്തിൽ ചേർത്ത ശേഷം മാത്രമേ സ്ഥാനക്കയറ്റം ലഭിച്ച ലാവണത്തിലേക്ക് വിടുതൽ ചെയ്യുവാൻ പാടുള്ളൂ എന്ന് കർശന നിർദ്ദേശം നൽകുന്നു.

കേരള ഫിനാൻഷ്യൽ കോഡ് പാർട്ട് 1 അദ്ധ്യായം 5 ചട്ടം 93 (എ) പ്രകാരം റിപ്പോർട്ട് ഓഫ് ട്രാൻസ്ഫർ ഓഫ് ചാർജ്ജ് അനുസരിച്ച് സ്ഥാപനത്തിന്റെ ചാർജ്ജ് എടുക്കുകയും കൈമാറുകയും ചെയ്യാവുന്നതാണ്. സ്ഥാനക്കയറ്റം ലഭിച്ച അദ്ധ്യാപകരുടെ ക്രമനമ്പർ റിപ്പോർട്ട് ഓഫ് ട്രാൻസ്ഫർ ഓഫ് ചാർജ്ജിന്റെ (ആർ.ടി.സി.) മുകൾഭാഗത്ത് രേഖപ്പെടുത്തേണ്ടതാണ്. ആർ.ടി.സി. യിൽ വീടിന്റെ മേൽവിലാസവും, വ്യക്തിഗത ടെലിഫോൺ നമ്പരും താഴെയായി രേഖപ്പെടുത്തുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പ്രസ്തുത ആർ.ടി.സി. കൾ ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് ലഭ്യമാക്കേണ്ടതും ആയത് വിദ്യാഭ്യാസ ഉപഡയറക്ടർമാർ ക്രോഡീകരിച്ച് സൂക്ഷിക്കേണ്ടതും, ഈ കാര്യാലയത്തിൽ നിന്നും ആവശ്യപ്പെടുന്ന മുറയ്ക്ക് അല്ലെങ്കിൽ നിരീക്ഷണകാലം തൃപ്തികരമായി പൂർത്തിയാക്കുന്നതിനായി ലഭ്യമാക്കുന്ന അപേക്ഷയോടൊപ്പം ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

ആർ.ടി.സി./ജോയിനിംഗ് റിപ്പോർട്ട് എന്നിവ ആവശ്യപ്പെടാത്ത പക്ഷം ഒരു കാരണവശാലും പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ നേരിട്ടോ വിദ്യാഭ്യാസ ഉപഡയറക്ടർ മുഖേനയോ സ്ഥാനക്കയറ്റം/സ്ഥലംമാറ്റം ലഭ്യമായിട്ടുള്ള ഉദ്യോഗസ്ഥർ ഹാജരാക്കുവാൻ പാടുള്ളതല്ല.

പരാമർശം (2), (4) പ്രകാരം മേൽ പരാമർശിത യോഗ്യതാ പരീക്ഷയിൽ വിജയം കൈവരിക്കാത്ത എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെടുന്ന അദ്ധ്യാപകർക്ക് പ്രസ്തുത യോഗ്യത നേടുന്നതിൽ നിന്നും 3 വർഷത്തെ ഇളവു മാത്രമാണ് ചട്ട പ്രകാരം അനുവദിച്ചിട്ടുള്ളത്. 3 വർഷത്തിനു ശേഷവും യോഗ്യത ആർജ്ജിക്കാത്ത താത്കാലിക സ്ഥാനക്കയറ്റം ലഭ്യമായിട്ടുള്ള ഉദ്യോഗസ്ഥരെ മാതൃ തസ്തികയിലേക്ക് തരംതാഴ്ത്തുന്നതിനായി ആദ്യഘട്ട നിയമാനുസൃത നടപടികൾ

സ്വീകരിച്ചശേഷം, അതാത് വിദ്യാഭ്യാസ ഉപഡയറക്ടർമാർ തരംതാഴ്ത്തൽ നടപടികൾക്കായുള്ള ശിപാർശ സഹിതം ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്. യോഗ്യതാ പരീക്ഷയിൽ വിജയം നേടിയതിനു ശേഷം മാത്രമേ ഇവരുടെ നിരീക്ഷണകാലം പൂർത്തീകരിച്ച് നൽകുകയുള്ളൂ. ഇത്തരത്തിൽ യോഗ്യത നേടിയവരുടെ അപേക്ഷകൾ മാത്രമേ ഈ കാര്യാലയത്തിലേയ്ക്ക് നിരീക്ഷണകാല പൂർത്തീകരണത്തിനായി (Probation Declaration) വിദ്യാഭ്യാസ ഉപഡയറക്ടർമാർ ശിപാർശ ചെയ്ത് ലഭ്യമാക്കുവാൻ പാടുള്ളൂ.

മേൽ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിനായി സ്ഥാനക്കയറ്റം ലഭ്യമായ ഉദ്യോഗസ്ഥരുടെ സേവനപുസ്തകം പരിശോധിച്ച് ടെസ്റ്റ് യോഗ്യത നേടിയിട്ടുണ്ടോയെന്ന് അതാത് വിദ്യാഭ്യാസ ഉപഡയറക്ടർമാർ ഉറപ്പ് വരുത്തേണ്ടതും, യോഗ്യത നേടാത്ത പിന്നാക്ക സമുദായത്തിൽ ഉൾപ്പെട്ട് താത്കാലിക സ്ഥാനക്കയറ്റം നേടിയിട്ടുള്ള ഉദ്യോഗസ്ഥർക്ക് ചുമതല ഏറ്റെടുക്കുന്ന അവസരത്തിൽ തന്നെ രേഖാമൂലം അറിയിപ്പ് നൽകേണ്ടതും ഈ വിവരം സേവനപുസ്തകത്തിൽ ഉൾപ്പെടുത്തുന്നതിനും വിദ്യാഭ്യാസ ഉപഡയറക്ടർമാരെ ചുമതലപ്പെടുത്തുന്നു.

യോഗ്യത പരീക്ഷയിൽ വിജയം നേടാത്ത പക്ഷം ഇവരെ തരംതാഴ്ത്തുന്നതിനും ശമ്പളം പുനഃക്രമീകരിക്കുന്നതിനും സമ്മതമാണെന്ന സത്യപ്രസ്താവനയുടെ അടിസ്ഥാനത്തിൽ മാത്രമേ നിലവിലെ പ്രഥമാദ്ധ്യാപകർ സ്ഥാനക്കയറ്റം നേടിയവരെ വിടുതൽ ചെയ്യുവാൻ പാടുള്ളൂ. കൂടാതെ, ഈ സത്യപ്രസ്താവന ഇവരുടെ സേവനപുസ്തകത്തിൽ ചേർത്ത് ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തിയ ശേഷം മാത്രമേ വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയങ്ങളിലേക്ക് സേവനപുസ്തകം ലഭ്യമാക്കുവാൻ പാടുള്ളൂ. ഇത് പ്രഥമാദ്ധ്യാപകരും വിദ്യാഭ്യാസ ഉപഡറക്ടർമാരും പ്രത്യേകം പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

സ്ഥാനക്കയറ്റം നേടിയ ഉദ്യോഗസ്ഥർ പുതിയ ലാവണത്തിൽ പ്രവേശിച്ചശേഷം ആയത് ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർ ഓഫീസിൽ രേഖാമൂലം അറിയിക്കേണ്ടതാണ്.

സ്ഥാനക്കയറ്റ ഉത്തരവ് വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. (www.education.kerala.gov.in DGE Announcements) ടി ഉത്തരവ് ഔദ്യോഗിക വെബ് സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത് അതാത് സ്ഥാപനങ്ങളിൽ ജോലിയിൽ പ്രവേശിക്കുന്നതിനും വിടുതൽ ചെയ്യുന്നതിനും നിർദ്ദേശിക്കുന്നു. സ്ഥാപന മേധാവികൾക്ക് ഈ ഓഫീസിൽ നിന്നും പ്രത്യേകമായി ഉത്തരവ് അയയ്ക്കുന്നതല്ല. ഉത്തരവ് ഔദ്യോഗിക വെബ് സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

പരാമർശം (11) പ്രകാരം സർക്കാർ ഏറ്റെടുത്ത പഞ്ചായത്ത് സ്കൂളുകളിൽ സ്ഥലംമാറ്റം/സ്ഥാനക്കയറ്റം അനുവദിച്ച് നൽകിയിട്ടുള്ള ജനറൽ വിഭാഗത്തിലുള്ള ഉദ്യോഗസ്ഥരെ പഞ്ചായത്ത് വഴി നിയമനം നേടി കോമൺപൂൾ മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ട ഉദ്യോഗസ്ഥരുടെ അഭാവം മൂലമാണ് പ്രസ്തുത വിദ്യാലയങ്ങളിലേക്ക് നിയമനം നൽകിയിട്ടുള്ളത്. കോമൺപൂളിൽ

നിലവിലുള്ള ഉദ്യോഗസ്ഥർ യോഗ്യത നേടുന്ന അവസരത്തിൽ ജനറൽ വിഭാഗത്തിലുള്ള ഉദ്യോഗസ്ഥരെ സ്ഥലംമാറ്റുന്നതാണ്.

സർക്കാർ ഹൈസ്കൂൾ പ്രധാനാദ്ധ്യാപകർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ സമാന തസ്തികകളിലേക്ക് നടത്തിയിരുന്ന സ്ഥാനക്കയറ്റം സംബന്ധിച്ച് എന്തെങ്കിലും ക്രമക്കേടുകൾ ഭാവിയിൽ ബോദ്ധ്യപ്പെട്ടാൽ ആയത് പുനഃപരിശോധനയ്ക്ക് വിധേയമാക്കി ഈ ഉത്തരവിൽ ആവശ്യമായ ക്രമപ്പെടുത്തലുകൾ നടത്തുന്നതായിരിക്കും.

പൊതുവിദ്യാഭ്യാസ ഡയറക്ടർ

സ്വീകർത്താവ് :

1. ബന്ധപ്പെട്ട പ്രധാനാദ്ധ്യാപകർക്ക് (ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാർ മുഖേന)
2. ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് (ഉത്തരവിന്റെ പകർപ്പ് അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരത്തിനും ബന്ധപ്പെട്ട സ്കൂൾ അധികാരികൾക്കും ലഭ്യമാക്കേണ്ടതാണ്.)
3. ബന്ധപ്പെട്ട അദ്ധ്യാപകർക്ക് (ബന്ധപ്പെട്ട പ്രധാനാദ്ധ്യാപകർ മുഖേന)
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
5. ഡി4 വിഭാഗം, പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
6. കെ വിഭാഗം, പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
7. സി.ഇ.ഒ. കൈറ്റ് (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
8. കരുതൽ ഫയൽ /ഓഫീസ് പകർപ്പ്